# Desabhimani

# 27 August 2018

# Thiruvananthapuram, After Flood, Power Connections, Restored



## 24 ലക്ഷം വൈദ്യുതി കണക്‌ഷൻ പുനഃസ്ഥാപിച്ചു

**തിരുവനന്തപുരം**

പ്രളയത്തിലും പേമാരിയിലും വൈദ്യുതി നഷ്ടപ്പെട്ട 25,60,112 ഉപയോക്താക്കളിൽ 24,65,157 പേർക്കും കണക്‌ഷൻ പുനഃസ്ഥാപിച്ചു. ഓണദിവസങ്ങളിൽ മാത്രം 1,28,459 കണക്‌ഷൻ ശരിയാക്കി. ഇനി പുനഃസ്ഥാപിക്കാനുള്ളത് 94,955 ഉപയോക്താക്കൾക്ക് മാത്രമാണ്. വയറിങ് തകരാറായ 255 വീടുകളിൽ ഒരു പോയിന്റ് കണക്‌ഷൻ നൽകി വൈദ്യുതി എത്തിച്ചു.

വെള്ളപ്പൊക്കത്തിൽ ഓഫ് ചെയ്തിരുന്ന 16,158 ട്രാൻസ്ഫോർമറുകളിൽ 15,032 എണ്ണം പ്രവർത്തനക്ഷമമായി. ബാക്കി ചാർജ് ചെയ്യാനുള്ള 1126 ട്രാൻസ്ഫോർമറുകളിൽ 105 എണ്ണം ഇപ്പോഴും വെള്ളത്തിൽ മുങ്ങിയ പ്രദേശങ്ങളിലാണ്. തകരാറിലായ 50 സബ്സ്റ്റേഷനുകളിൽ പട്ടിക്കാട്, പുത്തൻവേലിക്കര, സേനാപതി (33 കെവി), കുത്തുങ്കൽ (110 കെവി) എന്നിവയൊഴികെ ബാക്കിയെല്ലാ സബ് സ്റ്റേഷനുകളും ചാർജ് ചെയ്ത് കഴിഞ്ഞു. ലോവർ പെരിയാർ, പൊരിങ്ങൽക്കുത്ത് ലെഫ്റ്റ്ബാങ്ക് എക്സ്റ്റെൻഷൻ, പന്നിയാർ എന്നീ പ്രധാന വൈദ്യുതിനിലയങ്ങളുടെ പുനരുദ്ധാരണപ്രവർത്തനം പുരോഗമിക്കുകയാണ്.